**കേരള സർക്കാർ**

**നം. 6090/സി 3/15/ഐ&പി.ആർ.** **ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി)വകുപ്പ്**

**തിരുവനന്തപുരം, തീയതി 10-04--2015.**

<u>ടെണ്ടർ നോട്ടീസ്</u>

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന വികസന സമന്വയം എന്ന 16 പേജ് ടാബ്ലോയിഡ് പത്രം അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്യുന്നതിന് പത്രസ്ഥാപനങ്ങളെ എം പാനൽ ചെയ്യുന്നതിന് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഏറ്റവും പുതിയ മീഡിയാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ദിനപ്പത്രങ്ങളിൽ നിന്നും ഇ ടെന്റർ വഴി ടെന്റർ ക്ഷണിക്കുന്നു.

**ടെന്റർ പങ്കെടുക്കാനുള്ള നിബന്ധനകൾ**

1. കേരളത്തിൽ അഞ്ചു ലക്ഷം കോപ്പികളെങ്കിലും സർക്കുലേഷൻ ഉള്ള പത്രങ്ങളുടെ സ്ഥാപനങ്ങൾക്ക് ടെന്റർ നടപടികളിൽ പങ്കെടുക്കാവുന്നതാണ്.
2. എല്ലാ പേജുകളും കളറിൽ അച്ചടിക്കാനുള്ള സൗകര്യം ടെന്ററിൽ പങ്കെടുക്കുന്ന പത്രത്തിന്റെ കേരളത്തിലെ എല്ലാ പ്രസ്സുകളിലും ഉണ്ടായിരിക്കണം.
3. പത്രസ്ഥാപന നടത്തിപ്പിൽ 10 വർഷത്തെ പരിചയം ഉണ്ടായിരിക്കണം..കേരളം മുഴുവൻ വ്യാപകമായ വിതരണശൃംഖലയും പത്രം രൂപപ്പെടുത്തിയിരിക്കണം.
4. പത്രത്തിന്റെ എഡിഷൻ, എഡിഷനുകളുടെ എണ്ണം, ഓരോ ജില്ലയിലേയും സർക്കുലേഷൻ വിവരങ്ങൾ തുടങ്ങിയ വിവരങ്ങളും സർക്കുലേഷൻ സംബന്ധിച്ച രേഖകളും നൽകണം.
5. സ്റ്റാൻഡേർഡ് ന്യൂസ് പ്രിന്റ് പേപ്പർ 42 ജി എസ് എം അല്ലെങ്കിൽ 45 ജി എസ് എം അല്ലെങ്കിൽ മാപ്പലിത്തോ 45 ജി എസ് എം കടലാസ്സാണ് വികസന സമന്വയത്തിന്റെ അച്ചടിക്ക് ഉപയോഗിക്കേണ്ടത്. ഏത് കടലാസ്സിലാണ് അച്ചടിക്കേണ്ടതെന്ന് വകുപ്പ് ടെന്റർ രേഖകൾ പരിശോധിച്ച് തീരുമാനിക്കുന്നതായിരിക്കും.
6. സ്വന്തം പത്രത്തോടൊപ്പം പുൾ ഔട്ടായി സൗജന്യമായിട്ടാണ് വികസന സമന്വയം വിതരണം ചെയ്യേണ്ടത്.
7. 2015 ഏപ്രിൽ -2016 മാർച്ച് കാലയളവിൽ ആകെ 24 ലക്കങ്ങളാണ് അച്ചടിച്ച് വിതരണം ചെയ്യേണ്ടി വരും എന്നാണ് ഇപ്പോൾ കണക്കാക്കുന്നത്. അച്ചടിച്ച് വിതരണം ചെയ്യേണ്ട തീയതിയും പ്രദേശങ്ങളും കോപ്പികളുടെ എണ്ണവും വകുപ്പ് തീരുമാനിച്ച് യഥാസമയം അറിയിക്കുന്നതാണ്. പ്രത്യേക ലക്കം ഏതെങ്കിലും സന്ദർഭവുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിക്കാൻ സർക്കാർ ആവശ്യപ്പെട്ടാൽ അത് പ്രത്യേകം അറിയിക്കുന്നതാണ്.
8. ആദ്യ ഘട്ടമെന്ന നിലയിൽ 16 പേജുള്ള ടാബ്ലോയിഡ് വലിപ്പത്തിലുള്ള വികസന സമന്വയത്തിന്റെ 15 ലക്ഷം വരെ കോപ്പികളാണ് അച്ചടിച്ച് വിതരണം ചെയ്യേണ്ടത്.
9. ഭാവിയിൽ കോപ്പികളോ ലക്കങ്ങളോ വർദ്ധിപ്പിക്കാനോ കുറയ്ക്കാനോ ഉള്ള അധികാരം വകുപ്പിനുണ്ടായിരിക്കും.
10. അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നിരക്കാണ് നിർദ്ദേശിക്കേണ്ടത്. ബാധകമായ നികുതി നിരക്കും വ്യക്തമാക്കണം.
11. ലഭിക്കുന്ന ടെന്ററുകൾ പരിശോധിച്ച് യോഗ്യരായവരുടെ പാനൽ തയ്യാറാക്കുന്നതായിരിക്കും. ഏറ്റവും കുറഞ്ഞ നിരക്ക് നിർദ്ദേശിക്കുന്നവർക്ക് മുഴുവൻ ജോലിയോ അല്ലെങ്കിൽ 60 ശതമാനം ജോലിയോ, പാനലിലുള്ള മറ്റുള്ളവർ ഈ കുറഞ്ഞ നിരക്കിൽ കരാർ ഏറ്റെടുക്കുവാൻ തയ്യാറാണെങ്കിൽ ശേഷിച്ച 40 ശതമാനം ജോലി നിശ്ചിത അനുപാതത്തിൽ പാനലിലുള്ള മറ്റുള്ളവർക്ക് വീതിച്ചു നൽകാനോ നൽകാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യം വകുപ്പിന് ഉണ്ടായിരിക്കും.
12. ടെന്റർ സമർപ്പിക്കാനുള്ള അവസാന തീയതി : 20/05/2015.

മിനി ആന്റണി
ഡയറക്ടർ

For more information, Visit: etenders.kerala.gov.in with
*Tender ID-* **2015_I PRD_30969_1**